പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2999</u>     <u>11/12/2014 ൽ മറുപടിയ്ക്ക്</u>

## <u>ശൗചാലയങ്ങൾ ഇല്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. എം.എ. ബേബി : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ശൗചാലയങ്ങൾ ഇല്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധമായ നിയമ വ്യവസ്ഥകൾ വിശദമാക്കുമോ ; വ്യവസ്ഥകൾ പാലിക്കാത്ത എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകൾക്കുള്ള അംഗീകാരം പിൻവലിക്കുകയുണ്ടായിട്ടുണ്ടോ ; | | |
| സി) കുടിവെള്ളം, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത എത്ര എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്തുണ്ട്; ഇതു സംബന്ധമായി സർവ്വേ നടത്തിയിട്ടുണ്ടായിരുന്നുവോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | | |
| ഡി) കുടിവെള്ള സൗകര്യവും, ശൗചാലയങ്ങളും സ്ഥാപിക്കാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഡി) | അനുബന്ധമായി ചേർക്കുന്നു. |

Padmakumari

സെക്ഷൻ ഓഫീസർ

അനുബന്ധം.

4197/14/SSA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് -- മതിയായ ടോയ്‌ലറ്റ് സൗകര്യമില്ലാത്ത സംസ്ഥാനത്തെ 196 ഗവ.സ്കൂളുകളിൽ എസ്.എസ്.എ/ആർ.എം.എസ്.എ കളുടെ നടപ്പുവർഷത്തെ ഫണ്ട് ഉപയോഗിച്ച് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(കൈ) നം. 236/2014/പൊ.വി.വ തീയതി, തിരുവനന്തപുരം 13/11/2014

---

**ഉത്തരവ്**

എസ്.എസ്.എ/ആർ.എം.എസ്.എ പദ്ധതികളുടെ നടപ്പുവർഷത്തെ തനത്ഫണ്ട് ഉപയോഗിച്ച് മതിയായ ടോയ്‌ലറ്റ് സൗകര്യമില്ലാത്ത സംസ്ഥാനത്തെ 186 സർക്കാർ സ്കൂളുകളിലും പുതുതായി അപ്ഗ്രേഡ് ചെയ്യാൻ ഉത്തരവായിട്ടുള്ള 10 എം.ജി.എൽ.സി കളിലുമായി ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നതിന് 1.96 കോടി രൂപക്ക് ഭരണാനുമതി നൽകുന്നു.

2. സംസ്ഥാനത്തെ എയിഡഡ് / അൺഎയിഡഡ് / സി.ബി.എസ്.ഇ മേഖലകളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന, മതിയായ ടോയ്‌ലറ്റ് സൗകര്യമില്ലാത്ത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതല്ലായെന്നും, അടുത്ത അധ്യയന വർഷം മുതൽ കുട്ടികളെ പ്രവേശിപ്പിക്കാൻ അനുവദിക്കുന്നതല്ലായെന്നുമുള്ള നിബന്ധന നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ. ഷാജഹാൻ

ഗവ. സ്പെഷ്യൽ സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.എ/ആർ.എം.എസ്.എ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (മീഡിയ ഡിവിഷൻ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.